# പതിനൊന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2003 ഫെബ്രുവരി 19, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**ശ്രദ്ധ ക്ഷണിക്കൽ**

(1) കടൽമണൽ ഖനനം സ്വകാര്യ മേഖലയ്ക്ക് വിട്ടുകൊടുക്കാനുള്ള നീക്കം

**ഡോ. എ. നീലലോഹിതദാസൻ നാടാർ**: കാടും കടലും നമ്മുടെ അമൂല്യ സമ്പത്തു കളുടെ കലവറയാണ്. കാട്ടിൽനിന്ന് ആദിവാസികളെ പടിപടിയായി കുടിയിറക്കി ക്കൊണ്ടിരിക്കുന്നതുപോലുള്ള അനുഭവമാണ് കടൽമണൽ ഖനനം സ്വകാര്യ മേഖലയ്ക്ക് വിട്ടുകൊടുത്താൽ മൽസ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഉണ്ടാകാൻ പോകുന്നത്. വിദേശ കപ്പലുകൾക്ക് ആഴക്കടലിൽ മീൻപിടിക്കുന്നതിന് ലൈസൻസ് കൊടുത്ത നടപടി പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് ഏറ്റ വലിയ ഒരു ആഘാത മായിരുന്നു. കടൽമണൽ ഖനനം മൽസ്യസമ്പത്തിനേയും തീരക്കടലിന്റെ ആവാസ വ്യവസ്ഥയേയും ദോഷകരമായി ബാധിക്കും. കടൽമണൽ ഖനനത്തിന് ലൈസൻസ് നൽകിയ രാജ്യങ്ങൾ അതിന്റെ ദോഷവശങ്ങൾ മനസ്സിലാക്കി ഇതിൽനിന്ന്

ഇൻഡോനേഷ്യയിൽ കടൽ മണൽ ഖനനം വലിയ പ്രത്യാഘാതമുണ്ടക്കിയിരിക്കുകയാണ്. അവിടത്തെ ദ്വീപുകൾ പലതും ഇല്ലാതാകുകയും മൽസ്യസമ്പത്തിന് വൻതോതിൽ നാശം സംഭവിക്കുകയും ചെയ്തു. കേരളത്തിലെ തീരപ്രദേശങ്ങൾപോലെ ജനസാന്ദ്രത കൂടിയ തീരപ്രദേശങ്ങൾ വേറെ ഇല്ല. കടൽസമ്പത്ത് ചൂഷണം ചെയ്യുന്നത് തടയുന്നതിന് യാതൊരു നിയമവ്യവസ്ഥയും നിലവിലില്ല. ബഹുരാഷ്ട്ര കുത്തക കമ്പനികളുടേയും അന്താരാഷ്ട്ര മണൽ മാഫിയയുടേയും സമ്മർദ്ദത്തിനു വഴങ്ങിയാണ് കടൽമണൽ ഖനനം സ്വകാര്യ മേഖലയ്ക്ക് വിട്ടുകൊടുക്കാനുള്ള ധാരണാപത്രത്തിൽ സർക്കാർ ഒപ്പുവച്ചത്. ഇതിന്റെ പേരിൽ കടൽമണലിലെ ഇൽമനൈറ്റ്, മോണോസൈറ്റ് പോലുള്ള ധാതുക്കൾ കൊള്ളയടിക്കപ്പെടുന്ന സാഹചര്യമുണ്ടാകും. ഇതുമായി ബന്ധപ്പെട്ട ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുന്നതിനുമുമ്പ് ഫിഷറീസ് വകുപ്പിന്റെ അനുവാദം വാങ്ങിയിട്ടില്ല എന്നുള്ള ആക്ഷേപം നിലനിൽക്കുകയാണ്. ഈ ധാരണാപത്രം സഭയുടെ മേശപ്പുറത്തു വയ്ക്കണം. ഇത് റദ്ദു ചെയ്തു എന്ന് പ്രഖ്യാപിക്കാൻ ഗവൺമെന്റ് തയ്യാറാകണം.

**വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി):</u>** ഈ പദ്ധതി ഇപ്പോൾ വ്യവസായ വകുപ്പ് മുന്നോട്ട് കൊണ്ടുപോകുന്നില്ല എന്ന സർക്കാരിന്റെ നിലപാട് പല പ്രാവശ്യം ഈ സഭയിൽ വ്യക്തമാക്കിയിട്ടുണ്ട്. മണൽ ഖനനം സംബന്ധിച്ച് വിവിധതരം പ്രശ്നങ്ങളാണ് അഭിമുഖീകരിക്കേണ്ടിവരുന്നത്. മണൽ ഖനനം ചെയ്താൽ പാലങ്ങളും കിണറുകളും ഇടിഞ്ഞുതാഴാനിടയാകുകയും പുഴകൾ വരണ്ടുപോകുകയും ചെയ്യും. മണൽ ഖനനം ചെയ്യാതിരുന്നാൽ ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ തൊഴിൽ നഷ്ടപ്പെടാനും കൺസ്ട്രക്ഷൻ വർക്കുകൾ മുടങ്ങാനും ഇടയാകും. ആഗോള നിക്ഷേപക സമ്മേളനത്തിൽ ഇതുസംബന്ധിച്ച് ഒരു പ്രോജക്ട് പരിഗണനയ്ക്ക് വന്നു. അതിനെ സംബന്ധിച്ച് പഠനം നടത്തുന്നതിന് 2 കോടി രൂപ മുടക്കാൻ സംസ്ഥാന സർക്കാരിന് കഴിയാതിരുന്ന സാഹചര്യത്തിലാണ് കേന്ദ്ര സർക്കാർ ഏജൻസി മുന്നോട്ടുവന്നത്. അതിൽ സംസ്ഥാന സർക്കാരിന് യാതൊരു പങ്കുമില്ല. വിദേശ രാജ്യങ്ങളിൽ വളരെ വിജയപൂർവ്വം

ഈ പദ്ധതി നടത്തുന്നുണ്ട്. ഇത് സംബന്ധിച്ച് നമുക്ക് ചർച്ച ചെയ്യാം. പൊതു സമ്മതമില്ലാത്ത ഒരു പദ്ധതിയും മുന്നോട്ട് കൊണ്ടുപോകാൻ സർക്കാർ തയ്യാറാകുകയില്ല.

(2) <u>പാക്കിസ്ഥാൻ പൗരത്വമുള്ള കേരളീയരെ തുടർന്നും സംസ്ഥാനത്ത് താമസിക്കാൻ അനുവദിക്കേണ്ടതിന്റെ ആവശ്യകത</u>

<u>**ശ്രീ. ആർ. ബാലകൃഷ്ണപിള്ള**</u>: സർക്കാരിന്റെ കണക്കനുസരിച്ച് പാക് പൗരത്വമുള്ള 395 മലയാളികളാണ് കേരളത്തിലുള്ളത്. ഇവർ കേരളത്തിൽ താമസിച്ച്, വോട്ടവകാശം ലഭിച്ചവരും, റേഷൻ കാർഡിൽ പേരുള്ളവരും, വസ്തു ക്രയവിക്രയം ചെയ്തതുവഴി രജിസ്റ്ററിലും ആധാരത്തിലും പേരുള്ളവരും, മലയാളം മാത്രം സംസാരിക്കുന്നവരുമാണ്. ഇൻഡ്യാ – പാക് വിഭജന സമയത്ത് കറാച്ചിയിൽ ജോലി ചെയ്തിരുന്നവർ അവിടെത്തന്നെ തുടർന്നും ജോലി ചെയ്യാനിടയായതിനാൽ അവർക്ക് ഇൻഡ്യയിലേക്ക് തിരിച്ച് വരുന്നതിന് പാസ്പോർട്ടും വിസയും എടുക്കേണ്ടി വന്നു. പാസ്പോർട്ടിനെക്കുറിച്ചും വിസയെക്കുറിച്ചും ഇവർക്ക് യാതൊരറിവുമില്ല. പാക് പൗരന്മാരായി കഴിയാൻ വിധിക്കപ്പെട്ട ഈ ആളുകളെല്ലാം 70 വയസ്സിനു മുകളിൽ പ്രായമുള്ളവരാണ്. ഏതെങ്കിലും കാരണവശാൽ ഒരു പ്രത്യേക സമുദായത്തിലോ മത വിശ്വാസത്തിലോ ഉൾപ്പെട്ടതുകൊണ്ട് കേന്ദ്ര ഭരണാധികാരികൾ ഇവരെ ഇവിടെനിന്ന് തുരത്തണമെന്ന് പറയുന്നത് ന്യായമല്ല. മലയാള ഭാഷ സംസാരിക്കുന്ന കേരളീയരായ ഈ പാവപ്പെട്ടവരെ ഇവിടെ തുടരാൻ അനുവദിക്കണം. ഒരു ഫെഡറൽ സംവിധാനമുള്ള കേരളത്തിൽ ആരൊക്കെ താമസിക്കണമെന്ന് തീരുമാനിക്കേണ്ടത് സംസ്ഥാന ഗവൺമെന്റാണ്. അതുകൊണ്ട് മാനുഷിക പരിഗണന അർഹിക്കുന്ന ഇക്കാര്യത്തിൽ കർശനമായ നിലപാട് മുഖ്യമന്ത്രി സ്വീകരിക്കണം. കേരള ഗവൺമെന്റ് സമ്മതിക്കുകയാണെങ്കിൽ ഇവരെ കേരളത്തിൽ തുടരാൻ അനുവദിക്കാമെന്ന് കേന്ദ്ര ആഭ്യന്തരവകുപ്പ് പറയുന്നുണ്ട്. നിയമമനുസരിച്ച് സംസ്ഥാന ഗവൺമെന്റ് പൗരത്വം കൊടുക്കാനുള്ള തീരുമാനമെടുത്താൽ ക്വാസി ജുഡിഷ്യൽ ബോഡി എന്നുള്ള നിലയിൽ ജില്ലാ മജിസ്ട്രേറ്റിന് ഇവർക്ക് പൗരത്വം കൊടുക്കാൻ കഴിയും. ആയതിനാൽ കേരളത്തിലെ ജില്ലാകളക്ടർ മാരുമായി ബന്ധപ്പെട്ട് അടിയന്തിരമായി ഇവർക്ക് പൗരത്വം കൊടുക്കാനുള്ള

നടപടി സ്വീകരിക്കണം. ഈ പാക് പൗരന്മാർക്ക് നേരെയുള്ള പോലീസ് വേട്ടയാടൽ അവസാനി പ്പിക്കണം. ആവശ്യമെങ്കിൽ നിയമസഭതന്നെ ഇക്കാര്യത്തിൽ പ്രമേയം പാസ്സാക്കണം. പാക് പൗരന്മാർ എന്ന് വിളിച്ച് ആക്ഷേപിക്കുന്ന ഈ മലയാളികളെ കേരളത്തിൽ ജീവിക്കാൻ അനുവദിക്കുന്നതിനുവേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കണം.

**മുഖ്യമന്ത്രി <u>(ശ്രീ. എ.കെ. ആന്റണി)</u>** : ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതിനു മുമ്പ് കേരളത്തിൽ ജനിച്ച കുറെ ആളുകൾ നല്ല ജോലി തേടി പാകിസ്ഥാനിൽ പോയിരുന്നു. അന്ന് യാത്രാരേഖകൾ നിർബന്ധമില്ലായിരുന്നു. ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയപ്പോൾ അവർ പാക് പാസ്പോർട്ട് എടുക്കുകയും ഇൻഡ്യയിൽ ഇടയ്ക്കിടയ്ക്ക് വന്ന് അവരുടെ കുടുംബത്തെ കാണുകയും ചെയ്തിരുന്നു. കുടുംബവും വസ്തുവകകളും ഇൻഡ്യയിൽ വിട്ടിട്ടാണ് ഇവർ പാകിസ്ഥാനിൽ പോയത്. സ്വമേധയാ പാക് പാസ്പോർട്ട് എടുത്തതു കൊണ്ടും അതിന് മതിയായ തെളിവുകൾ ഉണ്ടായിരുന്നതുകൊണ്ടും സിറ്റിസൺഷിപ്പ് ആക്ടിലെ സെക്ഷൻ 99(2) പ്രകാരം ഇവരെ പാക് പൗരന്മാരായി കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചു. ഇൻഡ്യയുടെ സുരക്ഷിതത്വത്തിന് എതിരല്ലെന്ന് കണ്ടതുകൊണ്ട് ചിലർക്ക് ദീർഘനാൾ ഇൻഡ്യയിൽ താമസിക്കുന്നതിന് അനുവാദം കൊടുത്തിരുന്നു. വിസയുടെ കാലാവധി കഴിഞ്ഞ പാക് പൗരത്വമുള്ള 269 പേർ ഇവിടെ താമസിക്കുന്നുവെന്നാണ് രേഖയിൽ കാണുന്നത്. 124 പേർ ഒളിവിലും കഴിയുന്നുണ്ട്. കേരളത്തിൽ നിലവിൽ താമസിച്ചുവരുന്ന പാക് പൗരന്മാരിൽ പ്രായാധിക്യമുള്ളവരും, ഇവിടെ ജനിച്ചുവളർന്ന് വിദ്യാഭ്യാസം നേടിയവരും, മാതാപിതാക്കളും ബന്ധുക്കളും കേരളീയരായിട്ടുള്ളവരും, പാകിസ്ഥാനിൽ കുടുംബമോ വസ്തുവകകളോ ഇല്ലാത്തവരും, ഈ നാട്ടിലെ നീതിന്യായ വ്യവസ്ഥകൾ അനുസരിച്ച് ജീവിക്കാൻ തയ്യാറായിട്ടുള്ള വരുമായവരുടെ കാര്യം അനുഭാവപൂർവ്വം പരിഗണിക്കണമെന്നാണ് പൊതുവായ അഭിപ്രായം. 2003 ഫെബ്രുവരി മാസം 4–ന് ചേർന്ന എം.പി.മാരുടെ യോഗത്തിൽ ഈ പ്രശ്നത്തിൽ അനുഭാവപൂർവ്വമായ നിലപാട് സ്വീകരിക്കണമെന്ന തീരുമാനമുണ്ടായിട്ടുണ്ട്. മുഖ്യമന്ത്രിമാരുടെ അഖിലേന്ത്യാ സമ്മേളനത്തിന്റെ സമാപന പ്രസംഗത്തിൽ കേന്ദ്ര

ആഭ്യന്തര വകുപ്പുമന്ത്രിയും ഇക്കാര്യം പ്രത്യേകമായി പരിശോധിക്കേണ്ടതാണെന്ന് പരസ്യമായി പറയുകയുണ്ടായി. അടുത്തു തന്നെ കൂടുന്ന രാഷ്ട്രീയ കക്ഷികളുടെ യോഗത്തിൽ ഒരു പൊതു സമവായമുണ്ടാക്കി ഇക്കാര്യത്തിൽ കേരളത്തിന്റെ നിലപാട് കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുന്നതാണ്.

## സബ്മിഷൻ

(1) <u>ഇടുക്കി ജില്ലയിലെ വട്ടവട പഞ്ചായത്തിലെ കഞ്ചാവുകൃഷി</u>

**<u>ശ്രീ. വി.എസ്. അച്ചുതാനന്ദൻ</u>** : ഇടുക്കി ജില്ലയിലെ വട്ടവട പഞ്ചായത്തിലെ കമ്പക്കല്ല്, കടവരി തുടങ്ങിയ മേഖലകളിൽ 8000–ത്തോളം ഏക്കർ സ്ഥലത്ത് കഞ്ചാവുകൃഷി വ്യാപകമായി നടക്കുന്നു. കോടിക്കണക്കിന് രൂപയുടെ വരുമാനമാണ് ഇതിലൂടെ കഞ്ചാവു കൃഷിക്കാർ സമ്പാദിക്കുന്നത്.കറുപ്പും കഞ്ചാവും ഉപയോഗിച്ചു തുടങ്ങിയാൽ പിന്നീട് അത് ഒഴിവാക്കാൻ കഴിയില്ല. പെൺകുട്ടികളെ തട്ടിക്കൊണ്ടുപോയി കഞ്ചാവ് കൊടുത്തു വശംവദരാക്കുന്ന സമ്പ്രദായം ഇന്ന് നിലനിൽക്കുന്നുണ്ട്. ഉദ്യോഗസ്ഥന്മാരെക്കൊണ്ട് കള്ളരേഖകൾ തയ്യാറാക്കിപ്പിക്കുന്നതിന് പല സാമൂഹ്യവിരുദ്ധശക്തികളും കറുപ്പും കഞ്ചാവും ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഒരു കാരണവശാലും കഞ്ചാവ് കൃഷി ചെയ്യാൻ നമ്മുടെ പ്രദേശങ്ങൾ വിനിയോഗിക്കാൻ പാടില്ല. ഗവൺമെന്റിന് ഇഷ്ടമാണെങ്കിൽ ആ പ്രദേശങ്ങളിൽ ജനങ്ങൾക്ക് ഉപകാരപ്രദമായ കൃഷികൾ ചെയ്യണം. അതിന് ഗവൺമെന്റിന് കഴിയില്ലെങ്കിൽ കൃഷി ചെയ്യാൻ ഭൂമിയില്ലാത്തവർക്ക് ആ ഭൂമി നൽകാൻ തയ്യാറാകണം. കഞ്ചാവ് കൃഷി കർശനമായി നിയന്ത്രിക്കണം.

**മുഖ്യമന്ത്രി <u>(ശ്രീ. എ.കെ. ആന്റണി):</u>** കഞ്ചാവ്, മയക്കുമരുന്ന്, ചന്ദനംകൊള്ള തുടങ്ങിയവയ്ക്കെതിരായി കർശനനടപടി സ്വീകരിക്കണമെന്ന് കളക്ടർമാരുടേയും പോലീസ് ഉദ്യോഗസ്ഥന്മാരുടേയും യോഗത്തിൽ ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇടുക്കി ജില്ലയിൽ 66 റെയിഡുകളിലായി 22 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 10,53,077

കഞ്ചാവ് ചെടികൾ നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഗവൺമെന്റ് ഇക്കാര്യം വളരെ ഗൗരവമായി പരിഗണിക്കുകയും സംഘടിത മാർഗ്ഗങ്ങൾ ഉപയോഗിച്ച് കഞ്ചാവ് വേട്ട നടത്തി അത് കൃഷി ചെയ്യുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുകയും ചെയ്യുന്നതാണ്.

(2) <u>ചെർപ്പുളശ്ശേരിയിൽ ശാന്തയെന്ന തങ്കയുടെ കൊലപാതകം</u>

**<u>ശ്രീമതി ഗിരിജാ സുരേന്ദ്രൻ:</u>** വിധവയും രണ്ട് പിഞ്ചുകുഞ്ഞുങ്ങളുടെ മാതാവുമായ ചെർപ്പുളശ്ശേരിയിലെ ശാന്തയെന്ന തങ്കയെ ജോലിക്ക് പോകുന്ന സന്ദർഭത്തിൽ ബലാൽസംഗം ചെയ്തു കൊലപ്പെടുത്തുകയും അതിനുശേഷം രണ്ടര പവന്റെ മാല കവർച്ച നടത്തുകയും ചെയ്ത സംഭവം അടിയന്തിരപ്രമേയമായി ഇവിടെ ഉന്നയിച്ചിരുന്നു. അതിന് മറുപടിയായി കുറ്റവാളികളെ കണ്ടുപിടിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും ശാന്തയുടെ പിഞ്ചുകുട്ടികൾക്ക് ഓരോ ലക്ഷം രൂപ സഹായധനം നൽകുമെന്നും പ്രഖ്യാപിച്ചിരുന്നു. അവിടത്തെ പഞ്ചായത്ത് ആ കുട്ടികൾക്ക് വീട് വച്ചുനൽകാനുള്ള തീരുമാനവും എടുത്തിട്ടുണ്ട്. മുഖ്യമന്ത്രി പ്രഖ്യാപിച്ച രണ്ട് ലക്ഷം രൂപ അടിയന്തിരമായി നൽകാനും കുറ്റവാളികളെ കണ്ടുപിടിക്കാനും നടപടി സ്വീകരിക്കണം.

**മുഖ്യമന്ത്രി (<u>ശ്രീ. എ.കെ. ആന്റണി</u>):** ശാന്തയെന്ന തങ്കയുടെ കൊലപാതകികളെ കണ്ടുപിടിക്കാൻ ഒരു പ്രത്യേക പോലീസ് ടീം രൂപീകരിച്ച് അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. അന്വേഷണം ശക്തമാക്കാൻ നിർദ്ദേശം നൽകാം. കുട്ടികൾക്ക് നൽകുമെന്ന് പ്രഖ്യാപിച്ച രണ്ട് ലക്ഷം രൂപ മാസവരുമാന പദ്ധതിയനുസരിച്ച് കുട്ടികളുടെ പേരിൽ ചെർപ്പുളശ്ശേരി പോസ്റ്റാഫീസിൽ നിക്ഷേപിച്ചിട്ടുണ്ടെന്നാണ് ജില്ലാ കളക്ടർ അറിയിച്ചിട്ടുള്ളത്. ആ വിവരം ബന്ധപ്പെട്ട കുട്ടികൾ അറിഞ്ഞിട്ടില്ലെങ്കിൽ അവരെ അറിയിക്കാൻ നടപടി സ്വീകരിക്കാം.

(3) <u>ഹയർ സെക്കന്ററി മേഖലയിലെ അദ്ധ്യാപകേതര ജീവനക്കാരുടെ വേതനം</u>

**ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ**: ഹയർ സെക്കന്ററി സ്ക്കൂളുകളിലെ സയൻസ് ലാബിൽ പ്രവൃത്തിയെടുക്കുന്ന മൂവായിരത്തിന് താഴെ വരുന്ന അദ്ധ്യാപകേതര ജീവനക്കാർക്ക് അംഗീകാരമില്ലാത്തതിന്റെപേരിൽ മൂന്നു നാലു വർഷമായി യാതൊരു വേതനവുമില്ലാതെ കഷ്ടപ്പെടുന്ന അവസ്ഥയിലാണ്. ഈ കാര്യത്തിൽ ഫലപ്രദമായ നടപടിയൊന്നും എടുത്തിട്ടില്ല. ഈ അദ്ധ്യയന വർഷം അവസാനിക്കുന്നതിനു മുൻപ് അനദ്ധ്യാപകരുടെ കാര്യത്തിൽ വ്യക്തമായ ഒരു തീരുമാനമുണ്ടാകണം.

**വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി)** : ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒൻപതിനായിരത്തോളം വരുന്ന അദ്ധ്യാപകരുടെ പോസ്റ്റുകൾ സെലക്ടുചെയ്യുകയും അവർക്ക് ശംപളം കൊടുക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ കാര്യത്തിൽ 1998–99 കാലയളവ് വരെ സയൻസ് ബാച്ചുള്ള ഓരോ ഹൈസ്ക്കൂളുകളിലും നിയമിക്കപ്പെട്ട നാല് അറ്റന്റർമാരുടെ കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിഞ്ഞിട്ടില്ല. 1991–ലെ ഉത്തരവനുസരിച്ച് നേരത്തേ അനുവദിച്ചതിനുപുറമേ 3344 അറ്റന്റർ തസ്തികകളാണ് സൃഷ്ടിക്കേണ്ടത്. സർക്കാർ സ്ക്കൂളുകളിലും എയ്ഡഡ് സ്ക്കൂളുകളിലുമായി ഇത്രയും തസ്തികകൾ അനുവദിക്കുകയാണെങ്കിൽ ഓരോ വർഷവും 15 കോടിയോളം രൂപയുടെ അധിക ചെലവ് വരും. ഗവൺമെന്റ് ഈ കാര്യം വിശദമായി ചർച്ച ചെയ്യുകയും പരിശോധിക്കുകയും ചെയ്യുന്നുണ്ട്. രണ്ടുപേരുടെ പോസ്റ്റുകൾ അംഗീകരിക്കാനും ബാക്കി പോസ്റ്റുകൾ സൂപ്പർ ന്യൂമററി പോസ്റ്റായി ക്രിയേറ്റുചെയ്യാനുമാണ് തീരുമാനിച്ചിരിക്കുന്നത്.

### 4. ടൈറ്റാനിയം ഫാക്ടറിയുടെ പ്രവർത്തനം

**ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:** തിരുവനന്തപുരത്തെ പൊതുമേഖലാസ്ഥാപനമായ ടൈറ്റാനിയം ഫാക്ടറിയിൽ കഴിഞ്ഞ പത്തുമാസക്കാലമായി 25 കോടി രൂപയുടെ ടൈറ്റാനിയം ഉൽപ്പന്നങ്ങൾ വിറ്റഴിക്കാതെ കെട്ടിക്കിടക്കുന്നു. കേന്ദ്ര സർക്കാരിന്റെ ഇറക്കുമതി നയവും സംസ്ഥാന ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ള ദ്വിമുഖ നികുതി

യുമാണ് ഈ പ്രതിസന്ധിക്ക് കാരണം. ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുള്ള ദ്വിമുഖ നികുതിയും സർവ്വീസ് ചാർജ്ജും പിൻവലിച്ച് ഈ വ്യവസായ സ്ഥാപനത്തെ രക്ഷിക്കണം.

**വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി)</u>** ഇറക്കുമതിച്ചുങ്കം കുറച്ചതോടുകൂടി ഈ സ്ഥാപനം പ്രതിസന്ധി നേരിടുകയാണ്. സർവ്വീസ് ചാർജ്ജ് വർദ്ധിപ്പിച്ചാൽ ഈ സ്ഥാപനത്തെ നല്ല നിലയിൽ കൊണ്ടുപോകാൻ കഴിയുമെന്നാണ് പറയുന്നത്. ആ കാര്യം ഗവൺമെന്റ് ആലോചിച്ചുവരികയാണ്. ആ ഫാക്ടറി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ എല്ലാ പിന്തുണയും ഗവൺമെന്റ് നൽകുന്നതാണ്.

(5) <u>പാസ്പോർട്ട് നൽകുന്നതിനുള്ള പോലീസ് ക്ളിയറൻസ് ത്വരിതപ്പെടുത്താൻ നടപടി</u>

**<u>ശ്രീ. മഞ്ഞളാംകുഴി അലി</u>**: പാസ്പോർട്ട് ലഭിക്കുന്നതിനുവേണ്ടിയുള്ള പോലീസ് ക്ളിയറൻസ് സർട്ടിഫിക്കറ്റ് എസ്. പി. ഓഫീസുകളിൽ നിന്നും കിട്ടുന്നതിനുള്ള കാലതാമസംമൂലം ഗൾഫ് രാജ്യങ്ങളിൽ നിന്നും ജോലിക്കുള്ള വിസ ലഭിച്ചിട്ടും അവിടെ എത്തിച്ചേരാൻ കഴിയാതെ ജോലി നഷ്ടപ്പെടുന്ന അവസ്ഥയുണ്ട്. ഇതുസംബന്ധിച്ച് എസ്. പി. ഓഫീസുകളിൽ നിന്നും മേൽനടപടിയുണ്ടാകാത്തതിനാൽ എല്ലാ ജില്ലാ ഓഫീസുകളിലും പാസ്പോർട്ട് കെട്ടിക്കിടക്കുകയാണ്. പ്രസ്തുത വിഷയം ഊർജ്ജിതമാക്കാൻ നടപടി സ്വീകരിക്കണം.

**മുഖ്യമന്ത്രി <u>(ശ്രീ. എ. കെ. ആന്റണി)</u>**: വിദേശത്ത് ജോലി ലഭിച്ചിട്ടുള്ളവർക്ക് എത്രയും വേഗം പാസ്പോർട്ട് കൊടുക്കാൻ ഗവൺമെന്റ് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(6) <u>റോഡ് അപകടങ്ങൾ ഒഴിവാക്കാൻ നടപടി</u>

**<u>ശ്രീ. സി. ടി. അഹമ്മദ് അലി</u>**: ഇൻഡ്യയിൽ ഏറ്റവുമധികം വാഹനാപകടങ്ങൾ സംഭവിക്കുന്ന സംസ്ഥാനമാണ് കേരളം. 30.11.2002 വരെ വാഹനാപകടങ്ങൾ സംബന്ധിച്ച്

ഒഴിവാക്കുന്നതിന് സംസ്ഥാനത്തിലെ ദേശീയപാതകൾ മുഴുവൻ നാലുവരിയായി വികസിപ്പിക്കുക, വാഹനങ്ങളുടെ അമിതവേഗതയും മൽസര ഓട്ടവും അവസാനിപ്പിക്കുക, റഡാറുകൾ സ്ഥാപിച്ച് പരിശോധന ശക്തമാക്കുക, ട്രാഫിക്ക് നിയമങ്ങൾ കാലോചിത മായി പരിഷ്ക്കരിക്കുക, ഓവർസ്പീഡുകൾ നിയന്ത്രിക്കുക, പാർക്കിംഗ് സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നിവ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ചെയ്യുന്ന കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കണം.

**മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി)** : വാഹനാപകടങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി അശ്രദ്ധയോടുകൂടി വാഹനം ഓടിക്കുന്നവർക്കും ട്രാഫിക് നിയമം ലംഘിക്കുന്നവർക്കു മെതിരായി കർശന നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു. ആധുനിക സംവിധാനങ്ങളോടു കൂടിയ 5 സ്പെഷ്യൽ സ്ക്വാഡുകളുടെ പ്രവർത്തനം ഇന്നു മുതൽ ആരംഭിക്കുകയാണ്. ഇതു സംബന്ധിച്ച റെയിഡുകളും പരിശോധനകളും ശക്തമാക്കും. റോഡ് സുരക്ഷാ അതോറിറ്റിയും റോഡ് സുരക്ഷാ ഫണ്ടും രൂപീകരിക്കാനുള്ള ശ്രമം ഊർജ്ജിതമാക്കുന്നുണ്ട്. ട്രാഫിക് നിയമങ്ങൾ പാലിക്കുന്ന കാര്യത്തിൽ എല്ലാവരുടേയും സഹകരണം ഉണ്ടാകണം.

## റിപ്പോർട്ട് സമർപ്പണം

IIാം സബ്ജക്ട് കമ്മിറ്റിയുടെ 2000-2001 വർഷത്തേയ്ക്കുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിച്ചു.

III-ാം സബ്ജക്ട് കമ്മിറ്റിയുടെ 2000-2001 വർഷത്തേയ്ക്കുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിച്ചു.

IVാം സബ്ജക്ട് കമ്മിറ്റിയുടെ 2000-2001 വർഷത്തേയ്ക്കുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിച്ചു.

V-ാം സബ്ജക്ട് കമ്മിറ്റിയുടെ 2000-2001 വർഷത്തേയ്ക്കുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിച്ചു.

VI-ാം സബ്ജക്ട് കമ്മിറ്റിയുടെ 2000-2001 വർഷത്തേയ്ക്കുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിച്ചു.

VII-ാം സബ്ജക്ട് കമ്മിറ്റിയുടെ 2000-2001 വർഷത്തേയ്ക്കുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിച്ചു.

VIII-ാം സബ്ജക്ട് കമ്മിറ്റിയുടെ 2000-2001 വർഷത്തേയ്ക്കുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിച്ചു.

Xാം സബ്ജക്ട് കമ്മിറ്റിയുടെ 2000-2001 വർഷത്തേയ്ക്കുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിച്ചു.
.

2003-ലെ അബ്കാരി (ഭേദഗതി)ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും സമർപ്പിച്ചു.

പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 38 മുതൽ 45 വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു.

## പ്രത്യേക പരാമർശം

**ശ്രീ. കെ.പി. രാജേന്ദ്രൻ** : ഡോ.സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിന്റെ കോപ്പി മേശപ്പുറത്തു വയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

**മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി)** ഡോ.സ്വമിനാഥൻ കമ്മീഷൻ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അത് മന്ത്രിസഭ അംഗീകരിച്ചാൽ എത്രയും പെട്ടെന്ന് മേശപ്പുറത്തു വയ്ക്കുന്നതാണ്

**ശ്രീ. പ്രതാപവർമ്മ തമ്പാൻ:** ഹൈക്കോടതി ജഡ്ജിമാർക്ക് 12 ലക്ഷം രൂപയുടെ ലാൻസർ കാർ 6 ലക്ഷം രൂപയ്ക്ക് നെഗോസിയേഷൻ നടത്തി വാങ്ങിച്ചുകൊടുത്തു എന്ന പത്രവാർത്തയുണ്ട്. അത് എങ്ങനെ സംഭവിച്ചു എന്ന് വ്യക്തമാക്കണം.

**മി. സ്പീക്കർ**: അത് ശരിയാണോ എന്ന് അന്വേഷിക്കണം.

**മുഖ്യമന്ത്രി (ശ്രീ. എ.കെ. ആന്റണി):** 12 ലക്ഷം രൂപയ്ക്ക് കാർ വാങ്ങിച്ച് കൊടുത്തിട്ടില്ല.

## നിയമനിർമ്മാണ കാര്യം

### 2002 ലെ കേരള പൊതു വില്പന നികുതി (ഭേദഗതി) ബിൽ

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. കെ. ശങ്കരനാരായണൻ)</u>** : 2002 –ലെ കേരള പൊതു വില്പന നികുതി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്തുവയ്ക്കുന്നു.

**<u>മി. സ്പീക്കർ:</u>** ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. കെ. ശങ്കരനാരായണൻ):</u>** 2002–ലെ കേരള പൊതു വില്പന നികുതി (ഭേദഗതി) ബിൽ സാംപത്തിക കാര്യങ്ങൾ സംബന്ധിച്ച VIII–ാം നംപർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

**ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എം. ഹസ്സൻ)</u>** പ്രമേയത്തെ പിൻതാങ്ങുന്നു.

**<u>ശ്രീ. ടി.കെ. ദേവകുമാർ</u>**: I move that

"This House resolves to disapprove The Kerala General Sales Tax Ordinance, 2002 (Ordinance No.9 of 2002)"

വില്പന നികുതി സംവിധാനത്തിൽ അടിസ്ഥാനപരമായ മാറ്റം വരുത്തുവാൻ ഗവൺമെന്റ് പരിശ്രമിക്കുന്ന സന്ദർത്തിലാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. നികുതി വെട്ടിപ്പ് ഇന്ന് കേരളത്തിൽ വ്യാപകമായി നടക്കുകയാണ്. കള്ളക്കടത്തും നികുതി വെട്ടിപ്പും പ്രോൽസാഹിപ്പിക്കുന്ന സമീപനമാണ് യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. സംസ്ഥാനത്തെ നികുതി വരുമാനത്തിന്റെ 74.46 ശതമാനം വില്പന നികുതി ഇനത്തിലാണ് ലഭിക്കുന്നത്. വൻകിട കച്ചവടക്കാരെ പ്രോൽസാഹിപ്പിക്കുകയും ചെറുകിട കച്ചവടക്കാരെ ആത്മഹത്യയിലേയ്ക്ക് തള്ളിവിടുകയും ചെയ്യുന്ന തരത്തിലുള്ളതാണ് ഈ ഭേദഗതി. 2001–2002–ൽ യു.ഡി.എഫ്. ഗവൺമെന്റ് അവതരിപ്പിച്ച ബഡ്ജറ്റ്

പ്രസംഗത്തിൽ കുറച്ചു നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്. 2001–2002–ൽ എൽ.ഡി.എഫ്. ഗവൺമെന്റ് അവതരിപ്പിച്ച ബഡ്ജറ്റിൽ ഒരു നികുതി നിർദ്ദേശവും ഉണ്ടായിരുന്നില്ല. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ അവസാന വർഷത്തെ നികുതി പിരിവിലുണ്ടായ വർദ്ധനവ് 12.75 ശതമാനമായിരുന്നുവെങ്കിൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ ആദ്യ വർഷത്തെ നികുതിപിരിവിലുണ്ടായ വർദ്ധനവ് 2.45 ശതമാനം മാത്രമാണ്. ആഭ്യന്തര വരുമാനം സമാഹരിക്കുന്നതിൽ വീഴ്ച വരുത്തിയ യു.ഡി.എഫ്. സർക്കാർ വൻകിട കുത്തകമുതലാളിമാരേയും മദ്യരാജാക്കാൻമാരെയും സഹായിക്കുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഫാസ്റ്റ് ട്രാക്ക് രജിസ്ട്രേഷനിലൂടെ 5 കോടി രൂപ ലഭിക്കുമെന്ന് കണക്കാക്കിയിരുന്നിടത്ത് 1.24 കോടി രൂപയാണ് പിരിഞ്ഞു കിട്ടിയത്. വിദേശമദ്യത്തിനും ബിയറിനും വൈനിനും ടാക്സ് വർദ്ധിപ്പിച്ചതുവഴി 34.23 കോടി രൂപയാണ് ലഭിച്ചത്. യു.ഡി.എഫ്. ഗവൺമെന്റ് നികുതി പരിഷ്ക്കരണം ഏർപ്പെടുത്തിയത് അന്യ സംസ്ഥാനങ്ങളിലെ ഡിസ്റ്റിലറിക്കാരെ സഹായിക്കാൻ വേണ്ടിയാണ്. അഡീഷണൽ സെയിസ് ടാക്സ് ഇനത്തിൽ 90 കോടി രൂപ പ്രതീക്ഷിച്ച സ്ഥാനത്ത് 42.35 കോടി രൂപയാണ് പിരിച്ചെടുത്തത്. സ്വർണ്ണക്കടകൾക്ക് കോമ്പൗണ്ടിംഗ് ഏർപ്പെടുത്തുകവഴി 5 കോടി രൂപ പ്രതീക്ഷിച്ച സ്ഥാനത്ത് 1.46 കോടി രൂപയാണ് നേടാൻ കഴിഞ്ഞത്. സിൽക്ക് സാരികൾക്ക് 4 ശതമാനം ടാക്സ് ചുമത്തി 5 കോടി രൂപ പ്രതീക്ഷിച്ച സ്ഥാനത്ത് 2.15 കോടി രൂപയാണ് നേടാൻ കഴിഞ്ഞത്. 2001–2002 സാമ്പത്തികവർഷത്തിൽ അധിക വിഭവ സമാഹരണത്തിനുവേണ്ടി ബഡ്ജറ്റിൽ വിഭാവനം ചെയ്ത യാതൊരു നിർദ്ദേശവും പ്രാവർത്തികമാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. വൻകിട വ്യവസായികളെ യാണ് ഈ ഗവൺമെന്റ് യഥാർത്ഥത്തിൽ സഹായിച്ചത്. കേരളത്തിൽ 222 ദിവസം ഓവർഡ്രാഫ്റ്റിന്റെ അടിസ്ഥാനത്തിൽ ട്രഷറി നിലനിറുത്തിയത് ഒരു സർവ്വകാല റിക്കാർഡാണ്. സെയിൽസ് ടാക്സ് പിരിവിൽ സംസ്ഥാനത്തിന്റെ അതിർത്തിയിലുള്ള ചെക്ക് പോസ്റ്റുകളെല്ലാം ഇന്ന് അഴിമതി കേന്ദ്രങ്ങളായി മാറിയിരിക്കുന്നു. ചെക്ക് പോസ്റ്റുകളിൽ കൂടി കൊണ്ടുവരുന്ന സാധനങ്ങളുടെ ഡിക്ലറേഷൻ ബന്ധപ്പെട്ട വില്പന നികുതി ഓഫീസിൽ അയച്ചശേഷം നികുതി

തിട്ടപ്പെടുത്തണമെന്നാണ് നിയമം; പക്ഷേ ഡിക്ലറേഷൻ വില്പന നികുതി ഓഫീസിൽ എത്തുന്നില്ല. അതിർത്തി പ്രദേശങ്ങളിലെ വേ ബ്രിഡ്ജുകൾ പ്രവർത്തിക്കുന്നില്ല. ആര്യൻകാവ് ചെക്ക് പോസ്റ്റിൽ ഒരു വേ ബ്രിഡ്ജ് സ്ഥാപിക്കണം. ഒന്നാംതരം സാധനങ്ങൾക്ക് മൂന്നാംതരം സാധനങ്ങളുടെ ബിൽ നൽകുന്നതുകൊണ്ട് ടാക്സ് ഈടാക്കാൻ സാധിക്കുന്നില്ല. അതുകൊണ്ട് സ്പെഷ്യൽ സ്ക്വാഡിനെ നിയമിക്കണം. ബാഹ്യശക്തികളുടെ ഇടപെടൽമൂലം കേസുകൾ നീണ്ടുപോകുന്നതു കാരണം "VAT" നടപ്പിലാക്കുമ്പോൾ ഖജനാവിൽ കോടിക്കണക്കിന് രൂപയുടെ നഷ്ടമുണ്ടാകും. ഈ ഗവൺമെന്റിന്റെ 20 മാസത്തെ ഭരണത്തിൽ പൊതുക്കടം 4187 കോടി രൂപയായി വർദ്ധിച്ചിരിക്കുന്നു. 2001-2002-ലെ പദ്ധതി വിഹിതം വെട്ടിക്കുറച്ചു. അധിക നികുതി ചുമത്തി ചെറുകിടക്കാരെ ദ്രോഹിക്കുന്ന ഈ ഭേദഗതിയെ എതിർക്കുന്നു.

**ശ്രീ.ബിനോയ് വിശ്വം**: നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് രണ്ട് വർഷമായിട്ടും കേരളത്തിലെ ധനകാര്യ മാനേജ്മെന്റ് മെച്ചപ്പെടുത്തുന്ന കാര്യത്തിൽ യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല. നികുതികൾ പിരിച്ചെടുക്കുന്ന കാര്യത്തിൽ ലക്ഷ്യത്തിലെത്താൻ ഗവൺമെന്റിന് സാധിക്കുന്നില്ല. പുതിയ നികുതികൾ പ്രഖ്യാപിക്കുകയും സമ്മർദ്ദങ്ങൾക്ക് വഴങ്ങി അവ പിൻവലിക്കുകയും ചെയ്യുന്ന നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. നികുതി പിരിവിന്റെ കാര്യത്തിൽ വൻകിട കച്ചവടക്കാർക്ക് കൂടുതൽ ഇളവുകളും ആനുകൂല്യങ്ങളും കൊടുക്കുന്നതിന് ഈ ഗവൺമെന്റ് തയ്യാറാകുന്നു. മാർബിൾ കച്ചവടക്കാരിൽനിന്ന് പിരിച്ചെടുക്കേണ്ട നികുതി കൃത്യമായി പിരിച്ചെടുക്കുന്നില്ല. ആഭരണ വ്യവസായരംഗത്തെ നികുതി പിരിവിന്റെ കാര്യവും വളരെ ദയനീയമാണ്. കേരളാ സ്റ്റേറ്റ് ബീവറേജസ് കോർപ്പറേഷന്റെ കീഴിലുള്ള മദ്യഷാപ്പുകളിൽക്കൂടിയുള്ള മദ്യവിൽപ്പന വർദ്ധിക്കുകയും വരുമാനം കുറയുകയും ചെയ്യുന്ന അവസ്ഥയാണുള്ളത്. ഈ സാഹചര്യത്തിൽ നികുതി വരുമാനത്തിന്റെ കണക്കുകൾ മാത്രം പറഞ്ഞുകൊണ്ട് ഈ ഗവൺമെന്റിന് മുന്നോട്ടു പോകാൻ സാധിക്കുകയില്ല. നികുതി പിരിവിന്റെ കാര്യത്തിൽ കഴിഞ്ഞ എൽ.ഡി.എഫ്.

ഗവൺമെന്റിനെ കുറ്റപ്പെടുത്തുന്ന സമീപനം ഉപേക്ഷിച്ച് ആ പാളിച്ചകൾ തിരുത്തുകയാണ് ഗവൺമെന്റ് ചെയ്യേണ്ടത്. വിൽപ്പന നികുതി പിരിക്കുന്ന കാര്യത്തിൽ വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ സമ്മർദ്ദങ്ങളെ അതിജീവിക്കാൻ സർക്കാരിന് കഴിയണം. വൻകിട കച്ചവടക്കാരുടേയും നികുതി വെട്ടിപ്പുകാരുടേയും താൽപര്യങ്ങൾക്കും നിർദ്ദേശങ്ങൾക്കും മുന്നിൽ ആജ്ഞാനുവർത്തിയായി നിൽക്കാതെ നികുതി പിരിവ് രംഗത്ത് ഉറച്ച് നിന്ന് രാഷ്ട്രീയാർജ്ജവം കാണിക്കാൻ സർക്കാർ തയ്യാറാകണം. അല്ലെങ്കിൽ സാമ്പത്തിക രംഗത്ത് ഗുരുതരമായ പ്രശ്നങ്ങൾ ഉണ്ടാകാനിടയാകുമ്പോൾ കടത്തിനുവേണ്ടി പരക്കം പായേണ്ടി വരികയും സംസ്ഥാനത്തിന്റെ താൽപര്യങ്ങളെ പണയം വയ്ക്കേണ്ടിവരികയും ചെയ്യും. സംസ്ഥാനത്തിന്റെ ഭാരിച്ച കടബാദ്ധ്യതയ്ക്കു മുന്നിൽ പകച്ചുനിന്നുകൊണ്ട്, എന്തോ ചെയ്തുവെന്ന് വാദിക്കാൻ വേണ്ടിയുള്ള ഒരു നിർദ്ദേശമായിട്ടേ ഈ ഭേദഗതിയെ കാണാൻ കഴിയൂ.

**<u>ശ്രീമതി ഗിരിജാ സുരേന്ദ്രൻ:</u>** 2002-ലെ കേരള പൊതുവില്പന നികുതി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-2-2003 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 15 പ്രാവശ്യം പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചതിനെത്തുടർന്ന് അതിൽ 27 ശതമാനം നികുതി സംസ്ഥാന സർക്കാരിന് കിട്ടുന്നതുകൊണ്ടാണ് വില്പന നികുതിയിൽ നേരിയ വർദ്ധനവുണ്ടായിട്ടുള്ളത്. സംസ്ഥാനത്തിന്റെ വരുമാനത്തിൽ 75 ശതമാനവും വില്പന നികുതിയിലൂടെയാണ് ലഭിക്കുന്നത്. എ.ഡി.ബി. ലോണിന്റെ തിരിച്ചടവ് ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി മുമ്പ് ട്രഷറിയിൽ അടച്ചിരുന്ന വില്പന നികുതി പിരിവ് 2003 ഏപ്രിൽ മുതൽ ബാങ്കിൽ അടയ്ക്കണമെന്ന് തീരുമാനിച്ചിരിക്കുകയാണ്. ഇതിൽ സംസ്ഥാനത്തെ ജനങ്ങൾ ഉൽക്കണ്ഠാകുലരാണ്. പിരിഞ്ഞുകിട്ടുന്ന മുഴുവൻ വിൽപ്പന നികുതിയും ട്രഷറിയിൽ നിക്ഷേപിച്ചാലും അടച്ചിടൽ ഭീഷണി നേരിടുന്ന ട്രഷറി പൂർണ്ണമായും അടച്ചിടേണ്ട അവസ്ഥയുണ്ടാകും. സംസ്ഥാനത്തെ വില്പന നികുതി ചെക്ക്പോസ്റ്റുകളുടേയും ഓഫീസുകളുടേയും പ്രവർത്തനം കമ്പ്യൂട്ടർവൽക്കരിക്കണം. ജീവനക്കാർക്ക് കമ്പ്യൂട്ടർ

പരിശീലനം കൊടുക്കണം. ഒരു ഉദ്യോഗസ്ഥനെ മൂന്ന് മാസത്തിൽ കൂടുതൽ ഒരു ചെക്ക്പോസ്റ്റിൽ നിയോഗിക്കരുത്. വില്പന നികുതി ഡിപ്പാർട്ടുമെന്റിലെ ഇന്റലിജൻസ് വിംഗും ആഡിറ്റ് വിംഗും കാര്യക്ഷമമാക്കണം. ഇന്റലിജൻസ് വിംഗ് ശക്തമാക്കുന്നതോടൊപ്പം പ്രോത്സാഹനമായി ഉദ്യോഗസ്ഥർക്ക് റിവാർഡുകൾ ഏർപ്പെടുത്തണം. വാഹനങ്ങൾ തടഞ്ഞുനിർത്തി മിന്നൽ പരിശോധന നടത്താൻ നടപടിയുണ്ടാകണം. അരിക്ക് ഏർപ്പെടുത്തിയിട്ടുള്ള ഒരു ശതമാനം വില്പന നികുതി പൂർണ്ണമായും ഒഴിവാക്കണം. അത് അരി മുതലാളിമാരും ഉദ്യോഗസ്ഥരും ചേർന്ന് നടത്തുന്ന നികുതിവെട്ടിപ്പ് അവസാനിപ്പിക്കാനും സാധാരണ ജനങ്ങൾക്ക് ആശ്വാസം നൽകാനും ഉതകുന്ന സമീപനമായിരിക്കും. കമ്മിഷണറേറ്റിലെ ഉദ്യോഗസ്ഥന്മാരുടെ നിയമന കാലാവധി മൂന്നുവർഷത്തിൽ കൂടുതൽ നീട്ടിക്കൊടുക്കുന്നത് അഴിമതിക്ക് ഇടയാക്കുമെന്നതിനാൽ അത് അവസാനിപ്പിക്കണം. കമ്മിഷണറേറ്റിൽനിന്നും പുറപ്പെടുവിക്കുന്ന താൽക്കാലിക ഉത്തരവുകളിലൂടെ സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതി നഷ്ടപ്പെടുത്തുന്നത് ഒഴിവാക്കണം. കൃത്യമായി നികുതി പിരിച്ചെടുത്ത് ഗവൺമെന്റിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനു പകരം ഉദ്യോഗസ്ഥന്മാർക്ക് കൊള്ള നടത്താനുള്ള സൗകര്യ മാണ് ഈ ഗവൺമെന്റ് ഉണ്ടാക്കിക്കൊടുക്കുന്നത്. VAT–നെ സംബന്ധിച്ചിടത്തോളം ചെറുകിട കർഷകർ ആശങ്കയിലാണ്. അവരുടെ ആശങ്ക ദൂരീകരിക്കാനും അവരെ സംരക്ഷിക്കുന്ന രീതിയിലുള്ള ഒരു നിയമനിർമ്മാണം നടത്താനും ഗവൺമെന്റ് തയ്യാറാകണം.

**<u>ശ്രീ. വി.ഡി. സതീശൻ</u>** : 2002–ലെ കേരള പൊതുവിൽപന നികുതി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കൺസഷൻസ് അവകാശപ്പെട്ട വ്യാപാരികളുടെ വ്യാപ്തിയും ടേൺഓവറും വർദ്ധിപ്പിച്ചുകൊണ്ടുള്ള ഒരു ഭേദഗതിയാണ് കേരള വിൽപന നികുതി ആക്ടിലെ 17(4) ഉപവകുപ്പിൽ പറഞ്ഞിരിക്കുന്നത്. എല്ലാ മാസവും റിട്ടേൺസ് കൊടുക്കുമ്പോൾ സെക്ഷൻ 17(4)ന്റെ പരിധിയിൽ വരുന്നവർക്ക് മൂന്നു മാസത്തിലൊരിക്കൽ റിട്ടേൺസ് നൽകിയാൽ മതിയാകും. ഒന്ന് രണ്ട് അഞ്ച് പട്ടികയിൽപ്പെടുന്ന സാധനങ്ങൾക്ക് നികുതി വിധേയ

മല്ലാത്ത ഘട്ടത്തിൽമാത്രം വ്യാപാരം നടത്തുന്നവരുടെ ടേൺ ഓവറിന്റെ പരിധി 40 ലക്ഷം രുപയായി വർദ്ധിപ്പിച്ചിരിക്കുന്നു. നികുതി വെട്ടിപ്പുകാർക്ക് കൂട്ടുനിൽക്കുന്ന സമീപനമല്ല ഈ ഗവൺമെന്റിന്റേത് എന്ന് ഈ ഭേദഗതി വ്യക്തമാക്കുന്നു. നികുതി പിരിച്ചെടുക്കാനും നികുതി വെട്ടിപ്പുകാരെ കണ്ടെത്താനും സഹായിക്കുന്ന ഭേദഗതിയാണിത്. നികുതി വെട്ടിപ്പ് നടത്തിയതായി കണ്ടുപിടിച്ചാൽ ഈ പ്രൊവിഷന്റെ സൗജന്യം നഷ്ടപ്പെടും. നികുതി വെട്ടിപ്പ് നടത്തിയതായി കണ്ടെത്തിയാൽ അവരുടെ കഴിഞ്ഞ അഞ്ചു വർഷത്തെ നികുതി നിർണ്ണയിച്ചത് റീഎക്സാമിൻ ചെയ്യാനുള്ള അധികാരം ഉദ്യോഗസ്ഥന്മാർക്ക് നൽകിയാൽ അവർ വ്യാപാരികളെ ഭീഷണിപ്പെടുത്തി പണം വാങ്ങാനുള്ള സാഹചര്യമുണ്ടാകുമെന്നുള്ളതുകൊണ്ട് അതിൽ കാലാനുസൃതമായ മാറ്റം വരുത്തണം. വ്യാപാരികളെ ശത്രുക്കളായി കാണാതെ അവർക്ക് മാക്സിമം ടേൺ ഓവർ ഉണ്ടാക്കാനുള്ള പ്രോൽസാഹനം നൽകുന്ന നടപടി സ്വാഗതാർഹമാണ്. മുൻ വർഷത്തേക്കാൾ 2001–02–ൽ സെയിൽസ് ടാക്സ് കളക്ഷനിൽ 20 ശതമാനം വർദ്ധനവുണ്ടായിരിക്കുന്നു. ബഡ്ജറ്റ് എസ്റ്റിമേറ്റിനേക്കാൾ കുറവുമാത്രം സെയിൽസ് ടാക്സ് പിരിച്ചെടുക്കുന്ന പ്രവണത അവസാനിപ്പിക്കണം. സെയിൽസ് ടാക്സ് പിരിവ് കുറയുന്നതിന്റെ കാരണങ്ങളെക്കുറിച്ച് ഗൗരവമായ പഠനം നടത്തണം. സെയിൽസ് ടാക്സ് കളക്ഷനിൽ അഡ്വാൻസ് തുക പിരിച്ചെടുക്കുന്നതുപോലുള്ള യാതൊരു തെറ്റായ പ്രവണതയും ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. റവന്യു എക്സ്പെൻഡിച്ചർ കുറയ്ക്കാനും നികുതി വളർച്ചാനിരക്ക് കൂട്ടാനും ഉതകുന്ന സംവിധാനങ്ങൾ ഉണ്ടാക്കണം. റവന്യു, ഫിസ്ക്കൽ, പ്രൈമറി ഡെഫിസിറ്റുകൾ കുറയ്ക്കാൻ ഇരുപതുമാസക്കാലത്തെ ഭരണംകൊണ്ട് കഴിഞ്ഞുവെന്നത് ഒരു നേട്ടമാണ്. കോടിക്കണക്കിന് രൂപയുടെ കടബാദ്ധ്യതയുണ്ടായിട്ടും ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ വർദ്ധിപ്പിച്ച് അസറ്റ് ക്രിയേഷൻ കൂട്ടി നല്ല ഫിനാൻഷ്യൽ മാനേജ്മെന്റാണ് ഈ ഗവൺമെന്റ് കാഴ്ചവച്ചത്. വാല്യു ആഡഡ് ടാക്സ് ഇൻഡ്യാ രാജ്യത്ത് നടപ്പാക്കുമ്പോൾ വൻകിട വ്യവസായികൾക്ക് അഡീഷണൽ ടാക്സ് ഏർപ്പെടുത്തിയിട്ട് ചെറുകിട വ്യവസായികളെ സംരക്ഷിക്കാനുതകുന്ന നിയമനിർമ്മാണംകൂടി നടത്തണം. ഒരു കൺസ്യൂമർ സംസ്ഥാന

ചിന്തിക്കാനും ഇതുമൂലമുണ്ടാകുന്ന നഷ്ടം നികത്താൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താനും, അത് നേടിയെടുക്കാനുമുള്ള നടപടി സ്വീകരിക്കണം

**<u>ശ്രീ. എ.പി. അനിൽ കുമാർ</u>**: വാല്യു ആഡഡ് ടാക്സ് 2003 ഏപ്രിൽ മുതൽ നടപ്പിലാക്കുന്നതുമൂലം ഗവൺമെന്റിന് നഷ്ടപ്പെട്ടുപോകുന്ന നികുതി പിരിച്ചെടുക്കാനുള്ള സംവിധാനത്തെക്കുറിച്ച് ഗൗരവമായി ചിന്തിക്കണം. നികുതി വെട്ടിപ്പ് തടയാനും നികുതി പിരിവ് വർദ്ധിപ്പിക്കാനും ലക്ഷ്യമിട്ടുകൊണ്ടാണ് ഗവൺമെന്റ് ഈ ഭേദഗതി നിയമം കൊണ്ടുവന്നിരിക്കുന്നത്. വ്യാപാരി-വ്യവസായികളെ ശത്രുക്കളായി കണ്ടുകൊണ്ടുള്ള നടപടി വ്യാപാരമേഖലയെ തകർക്കും. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നികുതി പിരിവിലുണ്ടായ നേട്ടത്തെ പ്രതിപക്ഷം കുറച്ചു കാണുന്നത് ശരിയല്ല. പ്രതിപക്ഷം പോലും ഈ സർക്കാരിന്റെ നികുതി സമ്പ്രദായത്തെ പരോക്ഷമായി അംഗീകരിച്ചിട്ടുണ്ട്. ചെക്ക്പോസ്റ്റുകളിൽ ഉദ്യോഗസ്ഥന്മാർ വേണ്ട രീതിയിൽ പ്രവർത്തിക്കുന്നില്ലെന്ന് പറഞ്ഞു വെങ്കിലും വിജിലൻസ് ഇന്റലിജൻസ് വിഭാഗം ചെക്കുപോസ്റ്റുകളിൽ നടത്തിയ പരിശോധന യിൽ തട്ടിപ്പിന് വിധേയരായവരെ മാറ്റിനിർത്തിക്കൊണ്ട് മുന്നോട്ടുപോയ കാര്യം ശ്രദ്ധേയമാണ്. നികുതി വെട്ടിപ്പ് നടത്തുന്ന ഉദ്യോഗസ്ഥന്മാർക്കെതിരെ ശക്തമായ നടപടി എടുക്കുന്നതിന്റെ ഭാഗമായി അതിനെ കാണണം. നികുതിരംഗത്ത് മാറ്റം വരുത്തിയാലും വ്യാപാരരംഗത്ത് ആളുകൾക്ക് പ്രവർത്തിക്കാൻ വേണ്ട സാഹചര്യമുണ്ടാകണം. സ്വർണ്ണ വ്യാപാരത്തിന്റെ കാര്യത്തിൽ നികുതി വർദ്ധനവ് കുറച്ചാൽ വരുമാനം കൂടും. നികുതി പിരിവിൽ കാലാനുസൃതമായ മാറ്റങ്ങളുണ്ടാകണം.

**ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. കെ. ശങ്കരനാരായണൻ)</u>**: ഇവിടെ നിലനിന്നിരുന്ന നികുതി സമ്പ്രദായത്തിൽ മാറ്റം വരുത്താൻ തീരുമാനിച്ചത് കച്ചവടക്കാർക്ക് കൊടുത്തിട്ടുള്ള അധികാരങ്ങൾ നല്ല രീതിയിൽ വിനിയോഗിക്കുന്നില്ല എന്ന് ബോദ്ധ്യം വന്നതിന്റെ അടിസ്ഥാനത്തിലാണ്. വൻകിട കച്ചവടക്കാർക്ക് അനുകൂലമായിട്ടോ ചെറുകിട കച്ചവടക്കാർക്ക് പ്രതികൂലമായിട്ടോ, കച്ചവടക്കാരെ

ദ്രോഹിക്കാനോ ഉദ്യോഗസ്ഥന്മാർക്ക് അമിതാധികാരം കൊടുക്കാനോ സർക്കാർ ഉദ്ദേശിക്കുന്നില്ല. സർക്കാർ ഉദ്ദേശിച്ച സെയിൽസ് ടാക്സ് കളക്ഷൻ മുഴുവൻ സർക്കാരിനുതന്നെ കിട്ടണമെന്നുള്ളതുകൊണ്ടാണ് ഇത്തരമൊരു ഭേദഗതി ബിൽ കൊണ്ടുവന്നത്. വാല്യൂ ആഡഡ് ടാക്സ് സമ്പ്രദായം ഇന്ത്യയിലെ മുഴുവൻ സംസ്ഥാനങ്ങളും നടപ്പാക്കണമെന്ന കേന്ദ്ര ഗവൺമെന്റിന്റെ തീരുമാന ത്തിൽ നിന്ന് കേരളത്തിന് ഒഴിഞ്ഞുനിൽക്കാൻ കഴിയില്ല. നികുതി വെട്ടിപ്പുള്ളതായി ആക്ഷേപം വന്നാൽ ഗവണ്മെന്റ് കർശന നടപടിയെടുക്കും. ചെക്ക് പോസ്റ്റുകളിൽ മൂന്നു മാസത്തിൽ കൂടുതൽ ഒരു ഉദ്യോഗസ്ഥനെ വയ്ക്കാൻ പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പിരിച്ചതിനേക്കാൾ നാലിരട്ടി ടാക്സ് പിരിക്കാനും ചെക്ക് പോസ്റ്റുകളിലെ വരുമാനം 16 കോടി രൂപയായിരുന്നത് 47 കോടി രൂപയായി വർദ്ധിപ്പിക്കാനും ഈ സർക്കാരിനു കഴിഞ്ഞിട്ടുണ്ട്. അഴിമതി നടത്തിയ ഉദ്യോഗസ്ഥന്മാർ ക്കെതിരെ കർശന നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വർഷത്തെ സെയിൽസ് ടാക്സ് ടാർജറ്റ് മുഴുവൻ പിരിച്ചെടുക്കാൻ കഴിയുമെന്നാണ് സർക്കാരിന്റെ ഉത്തമ വിശ്വാസം. സംസ്ഥാന ത്തിന്റെ സാമ്പത്തികസ്ഥിതി മോശമായിരുന്നുവെങ്കിലും കൃത്യസമയത്ത് ശമ്പളവും പെൻഷനും പലിശയും നൽകിയിട്ടുണ്ട്. വാല്യു ആഡഡ് ടാക്സ് സമ്പ്രദായം വരുന്നതോടുകൂടി ഏതെങ്കിലും സംസ്ഥാനത്തിന് നികുതി പിരിവിൽ കുറവുണ്ടായാൽ അത് നികത്താമെന്ന് ഇൻഡ്യാ ഗവൺമെന്റ് പറഞ്ഞിട്ടുണ്ട്. ഡീസലും പെട്രോളും ലിക്വറും VAT ന്റെ പരിധിയിൽ വന്നിട്ടില്ല. സ്കൂളുകളിൽ ഉച്ചക്കഞ്ഞി നൽകാനുള്ള ചെക്കുകൾ മാറുന്നതിന് പ്രയോറിറ്റി നിശ്ചയിച്ചിട്ടുണ്ട്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനക്ക് അയയ്ക്കണമെന്ന പ്രമേയം പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ടി.കെ. ദേവകുമാർ അവതരിപ്പിച്ച നിരാകരണപ്രമേയം സഭയുടെ അനുമതി യോടെ പിൻവലിക്കപ്പെട്ടു.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്ക പ്പെടുകയോ ചെയ്തു.

2002–ലെ കേരള പൊതു വിൽപ്പന നികുതി (ഭേദഗതി) ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ചു.

2003–ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ

**വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി)** : 2003–ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താൻ ഉണ്ടായ സാഹചര്യങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്തുവയ്ക്കുന്നു.

**മി. ഡെപ്യൂട്ടി സ്പീക്കർ:** ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

**വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി)** : 2003–ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബ ിൽ സാമൂഹ്യ സേവനം സംബന്ധിച്ച VI -ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

**ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ)** : പ്രമേയത്തെ പിന്താങ്ങുന്നു.

**വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. നാലകത്ത് സൂപ്പി</u>)** : സംസ്കൃത സർവ്വകലാശാല ആവശ്യപ്പെട്ടതനുസരിച്ച് കലാമണ്ഡലം നടത്തുന്ന ചില ഫൈൻ ആർട്ട്സ് കോഴ്സുകൾക്ക് അംഗീകാരം കൊടുക്കാൻ സംസ്കൃത യൂണിവേഴ്സിറ്റിയെ അധികാരപ്പെടുത്തിക്കൊണ്ടുള്ളതായിരുന്നു ഓർഡിനൻസ്.അത് എത്രയും വേഗം അംഗീകരിക്കണമെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് ഓർഡിനൻസ് റീപ്ളേസ് ചെയ്യുന്നതിനുള്ള ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഇത് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണം.

**<u>ശ്രീ. എ സി. ഷൺമുഖദാസ്</u>**: I move that, "This House resolves to disapprove The Shri Sankaracharya Sanskrit University Ordinance, 2002(Ordinance No. 10 of 2002)." മുൻ ഗവൺമെന്റിന്റെ കാലത്ത് കലാമണ്ഡലത്തിലെ വിദ്യാർത്ഥികളുടെ ഭാവിയെ സംബന്ധിച്ചിടത്തോളമുള്ള അംഗീകാരത്തിന്റെ പ്രശ്നത്തിന് പരിഹാരം കാണാനുള്ള ചർച്ചകൾ നടക്കുകയും കലാമണ്ഡലത്തെ ഒരു ഡീംഡ് യൂണിവേഴ്സിറ്റിയായി അംഗീകരിക്കുന്നതിനുവേണ്ടിയുള്ള നടപടിയുണ്ടാകണമെന്നുള്ള ആവശ്യം ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് യൂണിവേഴ്സിറ്റിയുടെ പ്രവർത്തന പരിധിയിൽ വരുന്ന യൂണിവേഴ്സിറ്റിയാണിത്. കോഴിക്കോട് യൂണിവേഴ്സിറ്റിക്ക് അക്കാഡമി അടക്കമുള്ള സംവിധാനങ്ങൾ തൃശ്ശൂരിലുണ്ട്. ഒരു ഓർഡിനൻസ് കൊണ്ടുവരുംപോൾ ഇതുമായി ബന്ധപ്പെട്ടവരെയൊക്കെ വിളിച്ച് ചർച്ച ചെയ്തിരുന്നുവെങ്കിൽ കാലടി ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റു ചെയ്യുന്നതിനുവേണ്ടിയുള്ള ഒരു നിയമ ഭേദഗതിയുമായി വിദ്യാഭ്യാസവകുപ്പുമന്ത്രിക്ക് വരാൻ കഴിയുമായിരുന്നില്ല. തെക്കേ ഇൻഡ്യയെ സംബന്ധിച്ചിടത്തോളം 1986-ലാണ് ഇത്തരത്തിൽ ഒരു കോളേജുണ്ടാക്കാനുള്ള ആലോചന വരുന്നത്. അന്ന് കേന്ദ്ര ഗവൺമെന്റിൽനിന്നും ഇത്തരം ഒരു യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ ഒരു കോടി രൂപയുടെ സഹായം ലഭിക്കുകയുണ്ടായി. 1991-ഓടെ ഈ കോളേജ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ചർച്ചകൾ നടന്നുവെങ്കിലും അതിനെ വളച്ചൊടിക്കാനുള്ള ശ്രമമായിരുന്നു

അന്ന് നടന്നത്. ഇന്ന് ലോകം മുഴുവൻ ആയുർവേദത്തെ അമൂല്യ സംപത്തായി ഉപയോഗിച്ചു കൊണ്ട് പുതിയ ചികിൽസാ സംവിധാനത്തിനുള്ള അടിസ്ഥാന ശാസ്ത്രമായി അംഗീകരിക്കുകയും അതുമായി ബന്ധപ്പെട്ട് പുതിയ കണ്ടുപിടിത്തങ്ങൾക്കുവേണ്ടി ശ്രമിക്കുകയും ചെയ്യുംപോൾ ഈ യൂണിവേഴ്സിറ്റിയെ കേന്ദ്രീകരിച്ചുകൊണ്ട് ആവശ്യമായ റിസർച്ച് നടക്കുന്നില്ല. ആയുർവേദത്തിന്റെ പ്രധാനപ്പെട്ട പുസ്തകങ്ങളെല്ലാം സംസ്കൃത ഭാഷയിലായതുകൊണ്ട് അതിനെ കേന്ദ്രീകരിച്ചുകൊണ്ട് അവിടത്തെ വരുമാനത്തിനുകൂടി പ്രയോജനപ്പെടുത്താവുന്നരീതിയിൽ ഈ സർവ്വകലാശാലയെ മാറ്റിയെടുക്കുന്ന രീതിയിലുള്ള ചർച്ചകൾവരെ വന്നിട്ടുണ്ട്. കലാമണ്ഡലത്തിലെ വിദ്യാർത്ഥികളുടെ ന്യായമായ ആവശ്യത്തിന് പരിഹാരം കാണാൻ ഇതിനെ ഒരു യൂണിവേഴ്സിറ്റിയായി മാറ്റാൻ ശ്രമിക്കുന്നതിനുപകരം ഇത് അഫിലിയേറ്റഡ് യൂണിവേഴിസിറ്റിയായി മാറ്റാനുള്ള ശ്രമമാണ് നടത്തുന്നത്. ഇത് ഒരു അഫിലിയേറ്റഡ് യൂണിവേഴ്സിറ്റിയായാൽ ഇതിന്റെ എല്ലാ അടിസ്ഥാന സൗകര്യങ്ങളും തകരും. പ്രിയാംപിളിൽ പറഞ്ഞിരിക്കുന്നതിൽ നിന്നും വിരുദ്ധമായി ഇത്തരത്തിൽ ഒരു ഭേദഗതി കൊണ്ടുവന്ന് ആ യൂണിവേഴ്സിറ്റിയെ തകർക്കാൻ ഇടവരുത്തരുത്. ഒരു സ്റ്റാറ്റ്യൂട്ടറി ഭേദഗതി കൊണ്ടുവന്നാൽ കാലിക്കട്ട് യൂണിവേഴ്സിറ്റി യുടെ കീഴിൽ ഈ യൂണിവേഴ്സിറ്റിയെ അഫിലിയേറ്റുചെയ്യാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കേണ്ടതാണ് കലാമണ്ഡലം ഡീംഡ് യൂണിവേഴ്സിറ്റിയായി മാറിയാൽ അഖിലേൻഡ്യാടിസ്ഥാനത്തിൽ ശ്രദ്ധ പിടിച്ചുപറ്റാനും സാംപത്തിക സഹായം നേടിയെടുക്കാനും കഴിയും. അതിനെ തുരങ്കം വയ്ക്കാനുള്ള ശ്രമമാണ് നടക്കുന്നത്. ഈ വൈകിയ വേളയിലെങ്കിലും ഈ ഭേദഗതി പിൻവലിക്കുകയും പുതിയ നിയമ ഭേദഗതി കൊണ്ടുവരികയും വേണം.

<u>**ശ്രീ. കെ. പി. രാജേന്ദ്രൻ:**</u> പ്രമേയത്തെ പിന്താങ്ങുന്നു. കലാമണ്ഡലവുമായി ബന്ധപ്പെട്ടവരും അതിന്റെ സ്ഥാപകനായ മഹാകവി വള്ളത്തോളും ആ സ്ഥാപനം വളർത്തിയെടുക്കുന്നതിൽ സുപ്രധാന പങ്ക് വഹിച്ചിട്ടുള്ളവരും ആഗ്രഹിക്കുന്നത് ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റിയെ ഒരു ഡീംഡ്

ഗവൺമെന്റ് ആലോചിക്കണം. ഇപ്പോൾ ആ യൂണിവേഴ്സിറ്റിയിൽ മൂന്നാംവർഷ ഡിഗ്രിക്ക് പഠിക്കുന്ന കുട്ടികളുണ്ട്. ഒരു സർവ്വകലാശാലയുടെ അധികാരത്തോടുകൂടിയ ഡിഗ്രിയൊന്നുമില്ലെങ്കിൽ ആ കോഴ്സുകൊണ്ട് ഒരു അർത്ഥവുമില്ലാത്ത അവസ്ഥയുണ്ടാകും. ഈ ഭേദഗതി താൽക്കാലികമായി അംഗീകരിക്കാം. പക്ഷേ ഡീംഡ് യൂണിവേഴ്സിറ്റിയാക്കണമെന്നുള്ള നടപടിയിലേയ്ക്ക് പോകണം. കലാമണ്ഡലത്തിന്റെ വളർച്ചയ്ക്ക് നല്ലനിലയിലുള്ള പ്രവർത്തനങ്ങൾ അവിടെ നടക്കുന്നുണ്ട്. കേരള കലാമണ്ഡലത്തിന്റെ കോഴ്സെന്നുള്ള രീതിയിൽ കച്ചവട അടിസ്ഥാനത്തിൽ ചിന്തിക്കുന്നത് ശരിയല്ല. അതിനെക്കുറിച്ച് ആലോചിക്കണം. കലാലയങ്ങളിൽ പോകാതെ തന്നെ ഗ്രാമങ്ങളിൽ വിവിധ കലകൾ ഭംഗിയായി പഠിച്ചു വരുന്ന കുട്ടികൾക്ക് കലാമണ്ഡലത്തിൽ മൂന്ന് മാസത്തെ ഇൻസർവീസ് കോഴ്സ് നടത്തി സർട്ടിഫിക്കറ്റ് നൽകാൻ ആവശ്യമായ നടപടി സ്വകരിക്കണം. സ്ക്കൂൾ ഓഫ് ഡ്രാമയുടെ സ്ഥിതി വളരെ ദയനീയമാണ്. അവിടെ പഠിക്കാൻ കുട്ടികൾ ഇല്ല. ഈ സ്ഥിതിക്ക് പരിഹാരം കാണുന്നതിന് ശ്രീ. ശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റിയുമായി ആലോചിച്ച് താൽക്കാലിക സംവിധാനമെങ്കിലും ഏർപ്പെടുത്തണം. ഇന്ന് ഭാരതീയ തത്വചിന്തയും സംസ്കാരവും പഠിക്കാൻ എല്ലാവർക്കും അവസരം കിട്ടുന്നുണ്ട്. ലോകം മുഴുവൻ ആദരിക്കുന്ന ഡോ. കെ.എം.പണിക്കരെ ചില സാങ്കേതികത്വം പറഞ്ഞ് സംസ്കൃത സർവ്വകലാശാലയിലെ വി.സി. സ്ഥാനത്ത് നിന്ന് മാറ്റുന്നതിനു യു.ഡി.എഫ്. ഗവൺമെന്റ് ഒരു ബിൽ കൊണ്ടുവന്ന് സർക്കുലേറ്റ് ചെയ്തെങ്കിലും ഇൻഡ്യയിലുടനീളം പ്രതിഷേധമുയരുകയും മഹാൻമാരും ആദരണീയരുമായ ആളുകളെ ആക്ഷേപിക്കുന്നതിന് തുല്യമാണ് ആ നിയമമെന്നു പറ.യുകയും ചെയ്തപ്പോൾ നിയമസഭയിൽ അവതരിപ്പിച്ച് പാസ്സാക്കാതെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ആ ബിൽ പിൻവലിക്കുകയുണ്ടായി. അതിന് അദ്ദേഹത്തെ അഭിനന്ദിക്കുന്നു. അതുപോലെ അദ്ദേഹം ഡൽഹി സമ്മേളനത്തിൽ സ്വീകരിച്ച നടചടിയും വളരെ സ്വാഗതാർഹമാണ്.

**<u>ശ്രീ.. എം.വി. ജയരാജൻ:</u>** 2003–ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലാ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15–3–2003 വരെ സർക്കുലേറ്റു ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

കേരളീയ നടനകലയുടെ എല്ലാ സത്പാരംപര്യവും നിലനിർത്തിക്കൊണ്ട് പ്രവർത്തിച്ചുവരുന്ന കലാമണ്ഡലത്തെ വിശ്വപ്രസിദ്ധമായ സ്ഥാപനമാക്കി വളർത്തി യെടുക്കാൻ നടപടി സ്വീകരിക്കണം. ഈ സ്ഥാപനത്തിന്റെ വളർച്ചയ്ക്കുവേണ്ടി ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് തുടങ്ങിവച്ച നടപടിക്രമങ്ങളാണ് ഇപ്പോൾ മുന്നോട്ടുകൊണ്ടുപോകുന്നത്. അവിടെ എട്ടാം ക്ളാസ് മുതൽ തുടങ്ങി ഡിഗ്രിയിലെത്തി 2003 മാർച്ച് 31–ാം തീയതി മൂന്നാം വർഷ ബിരുദ വിദ്യാർത്ഥികൾ കോഴ്സ് പൂർത്തിയാക്കി പുറത്തുവരുന്ന സ്ഥിതിവിശേഷത്തിലെത്തിയിരിക്കുകയാണ്. കലാമണ്ഡലത്തെ ഒരു ഡീംഡ് യൂണിവേഴ്സിറ്റിയാക്കി മാറ്റാനാവശ്യമായ നടപടി സ്വീകരിക്കണം. ഇവിടെനിന്നും പഠിച്ച് പുറത്തുവരുന്ന കുട്ടികൾക്ക് അംഗീകൃത ഡിപ്പാർട്ടുമെന്റുകളുടേയും സർവ്വകലാശാലകളുടേയും സർട്ടിഫിക്കറ്റ് കൊടുക്കുവാൻ പോവുകയാണ്. ഇതുവരെ അതുണ്ടായി രുന്നില്ല. എന്നാൽ ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളിൽ പി.എച്ച്.ഡി. വരെ എടുക്കാനുള്ള അംഗീകൃത സർവ്വകലാശാലാ പഠനത്തിനും ഗവേഷണത്തിനും സൗകര്യം ലഭിക്കുന്നു. കേരളത്തിൽ ഇത്തരം സൗകര്യമുണ്ടാക്കുകയെന്ന ലക്ഷ്യത്തോടു കൂടിയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഒരു നിയമനിർമ്മാണത്തിന് തുടക്കം കുറിച്ചത്. ഇതൊരു ഡീംഡ് യൂണിവേഴ്സിറ്റിയാക്കി മാറ്റിയാൽ മാത്രമേ എല്ലാ ഉദ്ദേശങ്ങളും പൂർണ്ണമായും സഫലീകരിക്കാൻ കഴിയുകയുള്ളൂ. ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ബില്ലിൽ ഒരു അമന്റുമെന്റായി ഫൈൻ ആർട്ട്സ് എന്നുകൂടി കൂട്ടിചേർത്തില്ലെങ്കിൽ കുട്ടികൾക്ക് പരീക്ഷ നടത്താനും സർട്ടിഫിക്കറ്റ് കൊടുക്കാനും മാത്രമുള്ള ഒരു സ്ഥാപനമായി ഇത് ചുരുങ്ങും. ഇവിടെ കൊണ്ടുവന്നിട്ടുള്ള അമന്റുമെന്റ് കൊണ്ട് 2003 മാർച്ച് 31–ാം തീയതി കോഴ്സ് പൂർത്തീകരിക്കുന്ന 55 കുട്ടികൾക്ക് റിട്രോസ്പെക്ടീവ് ഇഫക്ട്വച്ച് ഒന്നാം വർഷവും രണ്ടാം വർഷവും പരീക്ഷ നടത്തിയതിന് സാങ്കേതികമായി അംഗീകാരം കൊടുക്കാൻ കഴിയുകയില്ല. ഭാവിയിലെ

പ്രയോജനം ബാധകമാകത്തക്കവിധത്തിൽ ഈ ഭേദഗതി കൊണ്ടുവരണം. വിദ്യാഭ്യാസ മെന്നു പറയുന്നത് ഒരു അവകാശമാണ്. കലാമണ്ഡലത്തെ വ്യാപാര ചരക്കാക്കി മാറ്റുന്ന ഹീനമായ നീക്കം ഉപേക്ഷിക്കണം. സാർവ്വദേശീയ പ്രശസ്തിയുള്ള ഈ സ്ഥാപനത്തിന്റെ സ്വതന്ത്ര പദവി നിലനിർത്തിക്കൊണ്ട് മുന്നോട്ടുപോകാൻ കഴിയണം. കച്ചവടക്കണ്ണോടുകൂടി ഈ സ്ഥാപനത്തെ കാണാതെ സ്വതന്ത്ര പദവി നിലനിറുത്തി ക്കൊണ്ട് വിപുലപ്പെടുത്താൻ കഴിയണം. കോഴ്സുകൾ നടത്താനും പരീക്ഷ നടത്തിപ്പിനും മാത്രമാണ് ഇപ്പോൾ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ഫൈൻ ആർട്സിൽ ഗവേഷണം നടത്താനുള്ള സൗകര്യംകൂടി ചെയ്തുകൊടുക്കണം. യു.ജി.സി. നിഷ്ക്കർഷിക്കുന്ന വിധത്തിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് ഈ സർവ്വകലാശാലയും യു.ജി.സി. അംഗീകാരം നേടിയെടുക്കണം. എം.എസ്.ഡബ്ളിയു. കോഴ്സ് പഠിപ്പിക്കുന്നവർ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരാണ്. ഈ കോഴ്സിൽ കൂടുതൽ കുട്ടികളെ പ്രവേശിപ്പിക്കാനും സ്ഥിരമായി അദ്ധ്യാപക തസ്തികകൾ അനുവദിക്കാനും ഗവൺമെന്റ് നടപടി സ്വീകരിക്കണം. സിൻഡിക്കേറ്റ് കൂടാനുള്ള അവസരമുണ്ടാക്കണം. സംസ്കൃത സർവ്വകലാശാല ഭൂമി ഇടപാടുമായി ബന്ധപ്പെട്ട് അഴിമതി നടത്തിയവരുടെ പേരിൽ നടപടി സ്വീകരിക്കണം. കേരളത്തിന്റെ പാരമ്പര്യം ഉയർത്തിപ്പിടിക്കുംവിധത്തിൽ ഈ സർവ്വകലാശാലയെ മുന്നോട്ടു കൊണ്ടുപോകണം.

**<u>ശ്രീ. പിരപ്പൻകോട് മുരളി</u>** : 2003-ലെ ശ്രീ ശങ്കരാചര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഈ സർവ്വകലാശാലയിലെ നിയമനങ്ങളെ സംബന്ധിച്ച് ഇപ്പോഴും ദുരൂഹത നിലനില്ക്കുന്നു. കോടതി ഇടപെടൽമൂലം നിരവധി ജീവനക്കാരെ നിർദ്ദാക്ഷിണ്യം പിരിച്ചുവിടേണ്ടിവന്നു. ഇപ്പോൾ എല്ലാ കാര്യങ്ങളും കോടതി മുഖേനയാണ് നടക്കുന്നത്. യു.ജി.സി. നോംസ് അനുസരിച്ച് ആവശ്യമായ പ്രൊഫസർമാരെയോ ഡീൻമാരെയോ നിയമിക്കാൻ കോടതി വിലക്കുമൂലം സാധിക്കുന്നില്ല. സർവ്വകലാശാലയുടെ ഭരണം നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത അവസ്ഥയാണ് ഇന്ന് നിലവിലുള്ളത്.

സിൻഡിക്കേറ്റിന്റെ പ്രവർത്തനം സ്തംഭനാവസ്ഥയിലാണ്. സിൻഡിക്കേറ്റിന്റെ ഘടനയിൽ ആവശ്യമായ മാറ്റം വരുത്തണം. ക്വാറം ഇല്ലാത്തതിന്റെ പേരിൽ പല പ്രാവശ്യവും സിൻഡിക്കേറ്റ് കൂടാൻ കഴിയാതെ വന്നു. ആകെ ഒരു പ്രാവശ്യം സിൻഡിക്കേറ്റ് കൂടിയ അവസരത്തിലാണ് പ്രൊഫസർമാരെ നിയമിക്കാൻ തീരുമാനിച്ചത്. ഈ യൂണിവേഴ്സിറ്റിയെ ഒരു പക്കാ യൂണിവേഴ്സിറ്റിയാക്കി മാറ്റാൻ കഴിയണം. ഇവിടെ ഇന്ന് എല്ലാ ഭാഷകളും പഠിപ്പിക്കുന്നുണ്ട്. കലാവിഭാഗം ശക്തിപ്പെടുത്തണം. ഹിന്ദുമതത്തിലെ ജീർണ്ണത യ്ക്കെതിരെ ശ്രീ ശങ്കരാചാര്യർ നേടിയെടുത്ത ഒന്നാണ് അദ്വൈതദർശനം. ഈ സാഹചര്യത്തിൽ അദ്ദേഹത്തിന്റെ പേരിൽ അറിയപ്പെടുന്ന സംസ്കൃത സർവ്വകലാശാല യുടെ പ്രവർത്തനങ്ങളിൽ സങ്കുചിത ഹിന്ദുതാല്പര്യമോ മറ്റ് താല്പര്യങ്ങളോ ഉണ്ടാകാൻ പാടില്ല. കാവിയും കാവിവൽക്കരണവും തമ്മിൽ യാതൊരു ബന്ധവുമില്ല. ഈ സർവ്വകലാശാലയെ സംബന്ധിച്ചിടത്തോളം ഏറ്റവും ഉചിതമായ ഒരു ഭേദഗതിയാണിത്. കലാമണ്ഡലംപോലുള്ള സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് പത്താം ക്ലാസ് കഴിഞ്ഞാൽ തുടർവിദ്യാഭ്യാസം നടത്തുന്നതിന് ഒരു കല്പിത യൂണിവേഴ്സിറ്റി ആക്കാനാണ് ആദ്യം തീരുമാനിച്ചത്. ഈ കല്പിത യൂണിവേഴ്സിറ്റി അനുവദിച്ചു കിട്ടുന്നതുവരെ താൽക്കാലിക അഡ്ജസ്റ്റ്മെന്റ് എന്ന നിലയിൽ സംസ്കൃത സർവ്വകലാശാലയുമായിട്ട് അഫിലിയേറ്റ് ചെയ്യുന്നതിനുവേണ്ടിയുള്ള ഭേദഗതിയാണിത്. നമ്മുടെ പാരമ്പര്യ കലകളുടെ അതിനായകന്മാർക്ക് അംഗീകാരം കിട്ടുന്ന ഒന്നാണ് ഈ ഡിഗ്രിയും മറ്റു കാര്യങ്ങളും. അതുകൊണ്ട് ഈ ഭേദഗതി നിയമം കഴിയുന്നത്ര വേഗത്തിൽ നടപ്പിലാക്കണം. ഇത് ഒരു കല്പിത യൂണിവേഴ്സിറ്റി ആക്കാൻ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കണം.

**വിദ്യാഭ്യാസ വകുപ്പുമന്ത്രി** **(ശ്രീ. നാലകത്ത് സൂപ്പി)**: സംസ്കൃത സർവ്വകലാശാലയ്ക്ക് സംസ്ഥാനത്ത് മുഴുവൻ അധികാരപരിധി ഉണ്ട്. ആ സർവകലാശാലയ്ക്ക് സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടത്തുന്ന എല്ലാ കോഴ്സുകൾക്കും അംഗീകാരം കൊടുത്തുകൊണ്ട് വിപുലപ്പെടുത്തണമെന്ന് സർക്കാർ ഉദ്ദേശിച്ചിട്ടില്ല. അതുകൊണ്ടാണ് മുൻ ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്ന ബില്ലിൽ

കാതലായ മാറ്റം വരുത്തിക്കൊണ്ട് ഒരു ഓർഡിനൻസ് കൊണ്ടുവരുന്നതിന് ഈ ഗവൺമെന്റ് തയ്യാറായത്. എല്ലാ സ്ഥാപന ങ്ങൾക്കും സംസ്കൃത സർവ്വകലാശാല അംഗീകാരം കൊടുക്കണമെന്നു പറയുന്നത് ശരിയല്ല എന്നുള്ളതുകൊണ്ട് കലാമണ്ഡലത്തെ മാത്രമായി പരിമിതപ്പെടുത്തുകയാണ് ചെയ്തത്. നമ്മുടെ സാംസ്കാരിക പാരമ്പര്യങ്ങൾ പ്രതിഫലിപ്പിക്കുന്ന കലാമണ്ഡലം പോലുള്ള മഹത്തായ സ്ഥാപനങ്ങളെ വളർത്തിക്കൊണ്ടു വരണം. ഇവിടെ ഡിഗ്രി പരീക്ഷ എഴുതിയ കുട്ടികൾക്ക് അംഗീകാരമില്ല, സർട്ടിഫിക്കറ്റ് കൊടുക്കാൻ ആളില്ല, സർവ്വകലാശാല യുടെ അഫിലിയേഷൻ ഇല്ല എന്നതിന്റെ പേരിൽ അവിടത്തെ കുട്ടികൾ സമരം തുടങ്ങിയപ്പോൾ സാംസ്കാരിക വകുപ്പുമന്ത്രിയുമായി ആലോചിച്ചശേഷമാണ് 2002 നവംബർ 28-ന് ഈ ഓർഡിനൻസ് പുറപ്പെടുവിച്ചത്. അന്നുമുതലാണ് ഈ നിയമത്തിന് പ്രാബല്യം ഉള്ളത്. കലാമണ്ഡലത്തിൽ പഠിക്കുന്ന കുട്ടികൾക്ക് സംസ്കൃത സർവ്വകലാശാലയുടെ അംഗീകാരം കിട്ടാൻവേണ്ടി കൊണ്ടുവന്ന ഒരു ബില്ലാണിത്. ഡീംഡ് യൂണിവേഴ്സിറ്റി എന്നുള്ള പ്രൊപ്പോസൽ യു.ജി.സി.യുടെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല. ഈ സർവ്വകലാശാലകൊണ്ട് ഉദ്ദേശിച്ച കാര്യങ്ങൾ നടപ്പിലാക്കാൻ സാധിക്കാതെപോയി എന്നുള്ളത് വസ്തുതാപരമായി ശരിയാണ്. കലാമണ്ഡലത്തിൽ ഒരു ഇൻസർവ്വീസ് കോഴ്സ് തുടങ്ങുന്നതിന് സാംസ്കാരിക വകുപ്പ് നടപടി സ്വീകരിക്കുമെന്ന് വിശ്വസിക്കുന്നു. ഡ്രാമാ സ്കൂളിന്റെ കാര്യത്തിൽ പരിശോധന നടത്തി പോരായ്മകൾ പരിഹരിക്കുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കാം. സംസ്ഥാന യുവജനോൽസവത്തിൽ പങ്കെടുത്ത കലാകാരന്മാർക്കും കലാകാരികൾക്കും തുടർപരിശീലനം കൊടുക്കുന്നതിന് കലാമണ്ഡലത്തിൽ സൗകര്യങ്ങൾ ഉണ്ടാക്കുകയോ അല്ലെങ്കിൽ കലാമണ്ഡലത്തിന്റെ മാതൃകയിൽ തിരുവനന്തപുരത്ത് ഒരു സ്ഥാപനം തുടങ്ങുകയോ ചെയ്യുന്ന കാര്യത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുകയാണ്. പദ്ധതി തുകയുടെ കാര്യത്തിൽ സംസ്കൃത സർവ്വകലാശാലയ്ക്ക് മറ്റ് സർവ്വകലാശാലകൾക്ക് കൊടുത്തതുപോലുള്ള 13 ശതമാനം വർദ്ധനവ് അംഗീകരിച്ചു കൊടുത്തിട്ടുണ്ട്. കലാമണ്ഡലത്തിന്റെ തിരുവനന്തപുരം, തവനൂർ, ഏറ്റുമാനൂർ, കാലടി, തൃശ്ശൂർ, തിരൂർ,

ഇതിൽ തിരുവനന്തപുരം, കാലടി, പയ്യന്നൂർ സെന്ററുകൾ നന്നായി നടക്കുന്നുണ്ട്. കലാമണ്ഡലത്തിന്റെ വിവിധ സെന്ററുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ഒരു വർഷത്തെ ആകെ ചെലവ് 3,84,53,000–ൽ ചില്വാനം രൂപയാണ്. പല സെന്ററുകളിലും കുട്ടികൾ കുറവാണ്. ഉദ്ദേശിച്ച രീതിയിൽ കോഴ്സുകൾ നടത്തുന്നില്ല. ഇത് ഒരു പോസ്റ്റ് ഗ്രാഡ്യുവേറ്റ് റിസർച്ച് യൂണിവേഴ്സിറ്റിയായിട്ട് നന്നായിട്ട് നടത്തണം. കലാമണ്ഡലത്തിലെ കുട്ടികളുടെ ഭാവി ഓർത്തുകൊണ്ടാണ് ഇങ്ങനെ ഒരു ഭേദഗതി കൊണ്ടുവന്നത്. ഈ ബിൽ VIാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ.എ.സി.ഷണ്മുഖദാസ് അവതരിപ്പിച്ച നിരാകരണപ്രമേയം നിരാകരിക്കപ്പെട്ടു.

ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

2003–ലെ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ സാമൂഹ്യസേവനം സംബന്ധിച്ച VI–ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയച്ചു.

സഭ ഉച്ചയ്ക്കുശേഷം 1.30–ന് പിരിഞ്ഞു.